പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1375 | 13.06.2014-ലെ മറുപടിക്ക്

ഗുണനിലവാരമില്ലാത്ത അന്യ സംസ്ഥാന പാലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാനത്തു നിന്നും കേരളത്തിൽ വിതരണം ചെയ്യുന്നതിന് ഏതെല്ലാം 'ട്രേഡ് നെയിം' ഉള്ള കവർ പാലുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ; | (എ) അന്യസംസ്ഥാനത്തു നിന്നും കേരളത്തിൽ വിതരണം ചെയ്യുന്ന പാലുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.<br>1. ഹെറിറ്റേജ് മിൽക്ക്<br>2. മാത മിൽക്ക്<br>3. ജേഷ്ഠ മിൽക്ക്<br>4. ശക്തി മിൽക്ക്<br>5. അമൃതം മിൽക്ക്<br>6. നാഞ്ചൽ മിൽക്ക്<br>7. അമൃത്<br>8. കെവിൻ<br>9. നീൽഗിരി<br>10. അക്ഷയ<br>11. ഗോമാത<br>12. മലബാർ<br>13. അമുൽ<br>14. അരോമ<br>15. നന്മ<br>16. കൗമ<br>17. അമൃത<br>18. എൻ.എം.ഡി<br>19. ശക്തി സ്ലിം<br>20. റേഹ<br>21. കെവിൻസ് കെയർ<br>22. നാച്ചുറലാ- ശ്രീശക്തി മിൽക്ക് |
| (ബി) കേരളത്തിൽ വിതരണം ചെയ്യുന്ന അന്യസംസ്ഥാന പാലുകളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | (ബി) ഉണ്ട്. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്നതോടു കൂടി ഗുണനിലവാരമില്ലാത്തതും മായം കലർന്നതുമായ പാലിന്റെ വിതരണം തടയുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണർക്കാണ്. മാർക്കറ്റിൽ ലഭ്യമാകുന്ന വിവിധയിനം പാൽ ബ്രാന്റുകൾ ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന |

ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധിക്കുകയും വിവരം ഫുഡ് സേഫ്റ്റി കമ്മീഷണറെ അറിയിക്കുകയും ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിലുള്ള ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥന്മാർ നിശ്ചിതഗുണനിലവാരം പുലർത്താത്തതും മായം ചേർത്തതും ആയ എല്ലാ വിതരണ/ഉല്പാദക വില്പനക്കാർക്കുമെതിരെ ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം നടപടി സ്വീകരിക്കുകയുംചെയ്യുന്നു. കൂടാതെ ഓണക്കാലത്ത് ചെക്ക് പോസ്റ്റുകളിൽ താല്ക്കാലിക ലാബുകൾ സ്ഥാപിച്ചും പാൽ പരിശോധന നടത്തുന്നു.

| | | | |
|---|---|---|---|
| (സി) | നിലവാരമില്ലാത്ത പാലുകൾ സംസ്ഥാനത്തേയ്ക്ക് എത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ പേരുവിവരം വ്യക്തമാക്കുമോ; | (സി) | തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന ഹെറിറ്റേജ് പത്മനാഭ, ജേഷ്ഠ, മെയ്യ എന്നീ പേരുകളിൽ വില്പന നടത്തിയിരുന്ന പാൽ ബ്രാന്റുകൾ 2013 വർഷത്തെ പരിശോധനയിൽ നിശ്ചിത നിലവാരം പുലർത്തുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | ഗുണനിലവാരമില്ലാത്തതും മായം ചേർന്നതുമായ പാലുകൾ വിതരണം ചെയ്യുന്നത് തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്നതോടു കൂടി ഗുണനിലവാരമില്ലാത്തതും മായം കലർന്നതുമായ പാലിന്റെ വിതരണം തടയുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണർക്കാണ്. മാർക്കറ്റിൽ ലഭ്യമാകുന്ന വിവിധയിനം പാൽ ബ്രാന്റുകൾ ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധിക്കുകയും വിവരം ഫുഡ് സേഫ്റ്റി കമ്മീഷണറെ അറിയിക്കുകയും, ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിലുള്ള ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥന്മാർ നിശ്ചിതഗുണനിലവാരം പുലർത്താത്തതും മായം ചേർത്തതും ആയ എല്ലാ വിതരണ/ഉല്പാദക വില്പനക്കാർക്കുമെതിരെ ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം നടപടി സ്വീകരിക്കുകയുംചെയ്യുന്നു. കൂടാതെ ഓണക്കാലത്ത് ചെക്ക് പോസ്റ്റുകളിൽ താല്ക്കാലിക ലാബുകൾ സ്ഥാപിച്ചും പാൽ പരിശോധന നടത്തുന്നു. |

സെക്ഷൻ ഓഫീസർ